LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ

72 (2310) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ സംഘങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്യുന്നതിന് പുതിയ മാനദണ്ഡങ്ങളും നിയമങ്ങളും നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയവ രേഖാമൂലം ലഭ്യമാക്കുമോ ;

ഉത്തരം

സഹകരണ സംഘങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്യുന്നതിന് പുതിയ മാനദണ്ഡങ്ങളും നിയമങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ആയവ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. *

സഹകരണ വകുപ്പിന്റെ ആലില പദ്ധതി

73 (2311) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് ഇപ്പോൾ ആരംഭിച്ചിട്ടുള്ള 'ആലില' പദ്ധതിയിലൂടെ എത്ര തരം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതികളിൽ നിന്നും ഏതെങ്കിലും സഹകരണ സ്ഥാപനങ്ങൾ പിന്മാറി നിൽക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ 'ആലില' പദ്ധതിയിലൂടെ ആകെ 59 തരം വൃക്ഷങ്ങൾ വിവിധ ജില്ലകളിലായി നട്ടുപിടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ പദ്ധതിയിൽ സജീവമായി പങ്കെടുക്കുന്നുണ്ട്.

സഹകരണ ബാങ്കുകളിലെ വായ്പ പരിധി

74 (2312) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വായ്പ പരിധി ഉയർത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന വ്യക്തിഗത വായ്പാ പരിധിയാണ് ഉയർത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തരം വായ്പകൾക്കാണ് പരിധി ഉയർത്തിയിട്ടുള്ളത് ;

(ഡി) വായ്പാ പരിധി ഉയർത്തിയതു വഴി എന്തെല്ലാം നേട്ടങ്ങളാണ് വിവിധ വിഭാഗക്കാർക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും അവയുടെ അംഗങ്ങൾക്ക് നൽകാവുന്ന വായ്പാ പരിധിയാണ് ഉയർത്തിയിട്ടുള്ളത്.

(സി) കാർഷികാനുബന്ധാവശ്യങ്ങൾക്കുള്ള വായ്പ, വ്യവസായ വായ്പ, ഭൂസ്വത്ത് വാങ്ങുന്നതിനുള്ള വായ്പ, പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ, സ്വർണ്ണ പണയ വായ്പ, വിവാഹ വായ്പ, ഭവന നവീകരണം/ഭവന നിർമ്മാണ വായ്പ (വീടും ഭൂസ്വത്തും വാങ്ങൽ-ഫ്ലാറ്റ് ഉൾപ്പെടെ), വീട്ടുപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ, ബിസിനസ്സ് വായ്പ, കുടുംബശ്രീ/എസ്.എച്ച്.ജി. വായ്പ, സാധാരണ വായ്പ (മോർട്ട്ഗേജ്), പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ മൂന്ന് സെന്റ് വരെ ഭൂമി ഉള്ളവർക്ക് ഭവനനിർമ്മാണത്തിനുള്ള വായ്പ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ എന്നീ വായ്പകളുടെ പരിധിയാണ് ഉയർത്തിയിട്ടുള്ളത്.

(ഡി) വായ്പാ പരിധി വർദ്ധിപ്പിച്ചതിനാൽ വിവിധ വിഭാഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്ക് മതിയായ തോതിൽ വായ്പ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. അതുവഴി സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിച്ച് സാധാരണക്കാരെ സഹായിക്കുവാൻ സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്.

സഹകരണ വെൽഫെയർ ഫണ്ട് ബോർഡ്

75 (2313) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വെൽഫെയർ ഫണ്ട് ബോർഡ് എന്നു മുതലാണ് ആരംഭിച്ചത് ;

(ബി) അതിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്, തസ്തിക സഹിതം വ്യക്തമാക്കുമോ;

(സി) അതിൽ എത്ര താൽക്കാലിക ജീവനക്കാരുണ്ട്, അവർക്ക് എന്നാണ് നിയമനം നൽകിയിട്ടുള്ളത് ;

(ഡി) പ്രസ്തുത ബോർഡ് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു ;

(ഇ) നാളിതുവരെ എത്ര തുക എത്ര പേർക്ക് നൽകി ;

(എഫ്) ആനുകൂല്യത്തിനായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പു കല്പിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?